# മുന്നുര

## ഡോ. സ്കറിയ സക്കറിയ

സർവ്വകലാശാലാതലത്തിൽ മലയാളഗവേഷണം പുരോഗമിക്കുകയാണ്. പുതിയ വിവരങ്ങൾ തേടിപ്പിടിക്കുന്നതിൽ മാത്രമല്ല, ഉറച്ച ധാരണകളെ വിശദീകരിക്കുന്നതിലും ഗവേഷകർ ശ്രദ്ധിക്കുന്നുണ്ട്. ഇത്തരം പഠനസംരംഭങ്ങളുടെ ഭാഗമായി പുതിയ വ്യാഖ്യാനങ്ങൾ മലയാളവിജ്ഞാനത്തിൽ ലഭ്യമാവുകയും ചെയ്യുന്നു. ലഭ്യമായ വിവരങ്ങളെ അട്ടിമറിച്ചുകൊണ്ടുമാത്രമല്ല, പരിമിതമായ ധാരണകളെ വ്യാഖ്യാനിച്ചും വിശദീകരിച്ചുമാണ് ഗവേഷണപഠനം പുരോഗമിക്കുന്നത്. മലയാളഗവേഷണം ഇത്തരം ദൗത്യനിർവ്വഹണത്തിൽ മറ്റു വിജ്ഞാനമേഖലകളുമായി കൈകോർക്കാനും ഒരുമ്പെടുന്നു. ഭാഷാശാസ്ത്രം, സംസ്കാരപഠനം, ചിഹ്നവിജ്ഞാനം തുടങ്ങിയവയുമായി സഹകരിച്ചുള്ള പ്രവർത്തനം ശ്രദ്ധേയമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. സിനിമ, നാടകം, ശില്പ—ചിത്രകലകൾ തുടങ്ങിയവയോടെല്ലാം ബന്ധപ്പെട്ട്, പുതിയ സങ്കല്പനങ്ങളും സിദ്ധാന്തങ്ങളും വിചാരമാതൃകകളും ഗവേഷണത്തിൽ പ്രയോജനപ്പെടുത്താൻ പുതിയ മലയാളഗവേഷകർ ശ്രദ്ധിക്കുന്നു. ഇത്തരം പഠനത്തിന് ഏറെ സഹായകരമാണ് പുനർവായനകൾ. സാഹിത്യമണ്ഡലത്തിൽ ലബ്ധപ്രതിഷ്ഠ നേടിയ കൃതികളെ പുതിയ പരിതോവസ്ഥയിൽ പ്രതിഷ്ഠിച്ച് ഭാവനാപൂർവ്വം പുനരാഖ്യാനംചെയ്യുന്ന സംരംഭങ്ങൾ ഏറുകയാണ്. നാടകം, സിനിമ തുടങ്ങിയവയുടെ കാര്യത്തിൽ ഇത്തരം സംരംഭങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. മലയാളത്തിൽ ഇത്തരത്തിലുണ്ടായ വളർച്ചയുടെ രേഖയാണ് സണ്ണി സെബാസ്റ്റ്യൻ അവതരിപ്പിക്കുന്ന പ്രബന്ധം. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നാടകപ്രേമികൾക്കും ഏറെ പ്രയോജനപ്പെട്ടേക്കാവുന്ന വൈജ്ഞാനികഗ്രന്ഥമാണിത്. പ്രശസ്ത നാടകവിജ്ഞാനിയായ ടി. എം. എബ്രഹാം എഴുതിയ അവതാരികകൂടിയായപ്പോൾ ഈ ലക്ഷ്യം സുസാദ്ധ്യമായിത്തീരുന്നു. നാടകത്തിന്റെ ചരിത്രം ചുരുങ്ങിയ വാക്കുകളിൽ ലളിതമായി അവതരിപ്പിക്കുന്ന കുറിപ്പിൽനിന്നും പുസ്തകത്തിലേക്കു കടന്നുവരാൻ എളുപ്പമാണ്.

രീതിശാസ്ത്രപരമായ സവിശേഷതകൾക്കു പുറമേ, വിഷയപരമായ മേന്മയും ഈ ഗ്രന്ഥത്തിനുണ്ട്. മലയാളനാടകചരിത്രത്തിലെ

തിളക്കമാർന്ന കഥാപാത്രമാണല്ലോ സി.ജെ. തോമസ്. ശീർഷകത്തിൽനിന്ന് വെളിവാകുന്നതുപോലെ സി.ജെ.യുടെ രചനകളിലെ ദുരന്തവും കലാപവും പ്രതീക്ഷയുമാണ് ഇവിടുത്ത ചിന്താവിഷയം. മലയാളത്തിന്റെ വിമർശനശൈലി വളർത്തിയെടുക്കുന്നതിൽ സി. ജെ. തോമസിന് വലിയ പങ്കുണ്ട്. ഇക്കാര്യം മറക്കാതെ നാടകചർച്ച മുന്നോട്ടുകൊണ്ടുപോകുന്നതിലാണ് ഗ്രന്ഥകാരന്റെ ശ്രദ്ധ. നാടകപഠനത്തെ ദർശനമായി വികസിപ്പിക്കാനുള്ള പരിശ്രമംകൂടിയാണിത്. വിമർശനം, ദർശനം, സാഹിത്യചിന്ത എന്നിവയുടെ ഇണക്കത്തിലാണ് നാടകപഠനത്തിന്റെ സാദ്ധ്യതകൾ ഗ്രന്ഥകർത്താവ് കണ്ടെത്തുന്നത്. ഇക്കാര്യം സമർത്ഥരായ വായനക്കാർ ഇതിനോടകം രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, ഡോ. സി. ആർ. പ്രസാദ് ഈ ഗ്രന്ഥത്തെ വിലയിരുത്തിക്കൊണ്ട് എഴുതുന്നു. സി.ജെ.യിലുണ്ടായിരുന്ന ദുരന്താവബോധത്തെ വളർത്താൻ ഗ്രീക്കുദർശനവും കലാപത്തെ വളർത്താൻ കമ്മ്യൂണിസ്റ്റ് സിദ്ധാന്തവും പ്രതീക്ഷയെ നിലനിർത്താൻ ബൈബിളുമാണ് സഹായിച്ചത് എന്ന നിഗമനത്തിലേക്കാണ് പ്രബന്ധകാരനെത്തിച്ചേർന്നിരിക്കുന്നത്.

ഇത്തരം ഏകോപനത്തിന്റെ സാദ്ധ്യതകൾ നല്ല വായനക്കാർ ഈ ഗ്രന്ഥത്തിൽ കണ്ടെത്തുന്നു എന്നതിന്റെ മറ്റൊരു തെളിവാണ് ദേശമംഗലം രാമകൃഷ്ണന്റെ നിരീക്ഷണം. ഗ്രീക്കുദർശനം ഉൾക്കൊണ്ടാണ് സി.ജെ.യുടെ ദുരന്താവബോധം വികസിച്ചത്; അദ്ദേഹത്തിന്റെ കലാപത്വരയ്ക്ക് ഇന്ധനമായത് കമ്മ്യൂണിസ്റ്റ് സിദ്ധാന്തമാണ്; എന്നാൽ ഇവയെ കൈവെടിയാതെതന്നെ മാനവികതയുടെ പ്രതീക്ഷ പുലർത്തിക്കൊണ്ട് നീങ്ങുവാനും സാധിച്ചു; അതിനു നിദാനം ബൈബിൾ ഭാവുകത്വമത്രേ. തീർച്ചയായും ഈ ത്രിത്വത്തിന്റെ സംഘർഷമാണ് സി.ജെ.യെ ആത്മീയപാരമ്യത്തിലെത്തിച്ചതെന്നും ഗവേഷകൻ നിരീക്ഷിക്കുന്നു. (പ്രസാദിന്റെയും ദേശമംഗലത്തിന്റെയും അഭിപ്രായങ്ങൾ പ്രസ്തുത കൃതിയുടെ മൂല്യനിർണ്ണയം ചർച്ചകളിൽനിന്ന് സമ്പാദിച്ചത്.)

ഇങ്ങനെയെല്ലാം നോക്കുമ്പോൾ ശ്രദ്ധേയമായ ഒരു നാടകവിചാരഗ്രന്ഥമാണ് സണ്ണി സെബാസ്റ്റ്യന്റെ 'ദുരന്തം, കലാപം, പ്രതീക്ഷ സി.ജെ.യുടെ കൃതികളിൽ'. മാർഗ്ഗദർശിയെന്ന നിലയിൽ കൃതിയുടെ രചനയുമായി ബന്ധപ്പെടാൻ കഴിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്. ഗ്രന്ഥകാരന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു. തുടർചർച്ചകൾകൊണ്ട് പൂരിപ്പിക്കേണ്ട കൃതിയാണിത്.

ചങ്ങനാശ്ശേരി
25—06—2020